**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4500** **19-07-2022 - ൽ മറുപടിയ്ക്ക്**

**മലബാർ ദേവസ്വം ബോർഡ് ജീവനക്കാരുടെ ശമ്പള പരിഷ്കരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ടി.ഐ.മധുസൂദനൻ** | | **ശ്രീ. കെ. രാധാകൃഷ്ണൻ (പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | മലബാർ ദേവസ്വം ബോർഡ് ജീവനക്കാരുടെ ശമ്പള പരിഷ്കരണം നടപ്പിലാക്കിയെങ്കിലും അതിന്റെ ആനുകൂല്യം പൂർണ്ണമായും ജീവനക്കാർക്ക് ലഭ്യമാകാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | മലബാർ ദേവസ്വം ബോർഡിന് കീഴിലുള്ള ക്ഷേത്രങ്ങളിലെ ജീവനക്കാരുടെ ശമ്പളം 01/01/2019 പ്രാബല്യത്തിൽ പരിഷ്കരിക്കുന്നതിന്, GO(Ms)No.57/2021/RD നമ്പറായി 12/02/2021-ന് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ധനകാര്യ വകുപ്പിന്റെ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ ക്ഷാമബത്ത, ഫിക്സേഷൻ ചട്ടങ്ങൾ എന്നിവയിൽ വ്യക്തത വരുത്തി GO(Ms)No.161/2021/RD തീയതി 18.08.2021 പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ശമ്പള പരിഷ്കരണ ഉത്തരവിലെ അനോമലികൾ പരിഹരിച്ച് മലബാർ ദേവസ്വം ബോർഡ് യോഗതീരുമാനപ്രകാരം 19/01/2022-ന് കമ്മീഷണർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിനു ധനകാര്യ വകുപ്പിന്റെ സാധൂകരണം ലഭ്യമാക്കി ശമ്പള പരിഷ്കരണം പൂർത്തിയാക്കുന്നതിനുള്ള നടപടികൾ ഊർജ്ജിതമായി നടന്നു വരുന്നു. |
| (ബി) | ഓരോ മാസവും കൃത്യമായി ശമ്പളം നൽകാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | (ബി) | മലബാർ ദേവസ്വം ബോർഡിന് കീഴിലുള്ള ക്ഷേത്രങ്ങൾ ഭരണപരമായും സാമ്പത്തികമായും ഓരോന്നും സ്വതന്ത്ര യൂണിറ്റുകളാണ്. ക്ഷേത്രജീവനക്കാരുടെ ശമ്പളം അതാത് ക്ഷേത്രത്തിന്റെ ഫണ്ടിൽ നിന്നാണ് നൽകി വരുന്നത്. വരുമാനം കുറവുള്ള ക്ഷേത്രങ്ങളിലെ ജീവനക്കാർക്ക്, കുടിശ്ശിക വരുന്ന ശമ്പളം നിബന്ധനകൾക്ക് വിധേയമായി, മലബാർ ദേവസ്വം മാനേജ്മെന്റ് ഫണ്ടിൽ നിന്നും നൽകി വരുന്നു. ഇത്തരം ക്ഷേത്രങ്ങളുടെ കാര്യത്തിൽ, അസസബിൾ ക്ഷേത്രവരുമാനം, കുടിശ്ശികയായി നിൽക്കുന്ന ശമ്പളം എന്നിവ നാല് മാസം കൂടുമ്പോൾ പരിശോധിച്ച്, ഒരുമിച്ച് ശമ്പളധനസഹായവും മുൻകൂർ ധനസഹായവും അനുവദിക്കുന്ന സ്കീമാണ് ഇപ്പോൾ നടപ്പിലാക്കി വരുന്നത്. ആയതിനാൽ, മലബാർ ദേവസ്വം ബോർഡിന് കീഴിലുള്ള വരുമാനം കുറഞ്ഞ |

| | | | |
|---|---|---|---|
| | | | ക്ഷേത്രങ്ങളിലെ ജീവനക്കാരുടെ ശമ്പളം നാല് മാസം കൂടുമ്പോൾ പൂർണമായി ലഭിക്കാൻ സാധിക്കുന്ന സാഹചര്യമാണ് നിലവിൽ ഉള്ളത്. ക്ഷേത്രങ്ങളുടെ വരവ്-ചെലവ് കണക്കുകൾ യഥാസമയം തയ്യാറാക്കി നാല് മാസം കൂടുമ്പോൾ സമർപ്പിക്കാത്ത ക്ഷേത്രങ്ങളിലെ ജീവനക്കാർക്കാണ് ശമ്പള ധനസഹായം ലഭിക്കുന്നതിന് കാലതാമസം നേരിടുന്നത്.<br><br>സർക്കാർ ഗ്രാന്റ്-ഇൻ-എയ്ഡ്-ഉപയോഗപ്പെടുത്തിയാണ്, ക്ഷേത്രജീവനക്കാർക്ക് ശമ്പള കുടിശ്ശിക വിതരണം ചെയ്യുന്ന മലബാർ ദേവസ്വം മാനേജ്മെന്റ് ഫണ്ട് പ്രവർത്തിച്ച് വരുന്നത്. 2022-23വർഷത്തെ ബഡ്ജറ്റ് അലോട്ട്മെന്റിൽ നിന്നും ആദ്യഗഡുവായി സാലറിഹെഡിൽ അനുവദിച്ച സംഖ്യയിൽ നിന്നും 6.99 കോടി രൂപയും, ബോർഡിന്റെ തനത് ഫണ്ടിൽ നിന്നും 7.61 കോടി രൂപയും അടക്കം ആകെ 14.60 കോടി രൂപ ഉപയുക്തമാക്കി ക്ഷേത്രജീവനക്കാരുടെ ശമ്പളധനസഹായ കുടിശ്ശിക വിതരണം നിലവിൽ നടത്തി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ